ആമുഖം

ഭാവികാലത്തെ കരുതി സാമൂഹ്യ നീതിയിൽ അധിഷ്ഠിതമായ സമഗ്രവും സമാധാനപൂർണ്ണവുമായ ഒരു വികസന നയമാണ് നമ്മൾ അനുവർത്തിച്ചു വരുന്നത്.

ഫെഡറൽ സംവിധാനത്തിൽ വരുമാനം ഉണ്ടാക്കുന്നതിന് ആവശ്യമായ സ്വതന്ത്ര സമീപനങ്ങൾ എടുക്കുന്നതിന് സംസ്ഥാന ഭരണകൂടങ്ങളെ വിലക്കുന്ന അമിത അധികാര കടന്നുകയറ്റങ്ങളുടെ നാടായി നമ്മുടെ രാജ്യം മാറിയിരിക്കുന്നു.

കേന്ദ്ര സർക്കാരിൽ നിന്നും നമുക്ക് ലഭിക്കേണ്ടതായ അർഹമായ സാമ്പത്തിക വിഹിതം ലഭിക്കാത്തതിന്റെ പേരിൽ കടുത്ത വെല്ലുവിളികളിലൂടെയാണ് നമ്മുടെ സംസ്ഥാന സർക്കാർ കടന്നു പോകുന്നത്. ആയത് നമ്മുടെ തളിക്കുളം ബ്ലോക്ക്പഞ്ചായത്ത് ഉൾപ്പെടെയുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുള്ളതാണ്.

കടുത്ത സാമ്പത്തിക പ്രതിസന്ധിയിലും പ്രതീക്ഷയോടെ ജീവിക്കാൻ കരുതലാവുന്ന പ്രവർത്തനങ്ങളും പ്രഖ്യാപനങ്ങളും ആണ് കേരള സർക്കാർ ബജറ്റിലൂടെ പ്രഖ്യാപിച്ചത്. ഓരോ രൂപയ്ക്കും വലിയ മൂല്യം നൽകേണ്ട കാലത്താണ് നാം ജീവിക്കുന്നത് അതുകൊണ്ടുതന്നെ ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾക്കെല്ലാം സാമൂഹികമായും ഉൽപാദനപരമായും തൊഴിൽ പരമായും വലിയ ഉണർവും പ്രതീക്ഷയും നമ്മുടെ പ്രവർത്തനങ്ങളിലും പദ്ധതികളിലും ഉണ്ടാകേണ്ടതുണ്ട് എന്ന ലക്ഷ്യബോധം ഈ ബജറ്റ് തയ്യാറാക്കുന്നതിനു മുന്നിലുണ്ട്. കഴിഞ്ഞ കാലങ്ങളിൽ ജനങ്ങളോടൊപ്പം ചേർന്നു നടപ്പിലാക്കിയ ഒട്ടേറെ വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്ത ഒരു ഭരണഘടന സ്ഥാപനം എന്ന നിലയ്ക്ക് പ്രത്യേകിച്ച് കല - സംസ്കാരം - ആരോഗ്യം - തൊഴിൽ - കുടിവെള്ളം എന്ന രംഗങ്ങളിൽ നാം നടത്തിയ പ്രവർത്തനങ്ങളുടെ പ്രത്യക്ഷമായ അനുഭവങ്ങൾ നമ്മുടെ മുന്നിൽ നിൽക്കുന്നുണ്ട്. അവ കൂടുതൽ അന്വേഷണങ്ങളിലൂടെ പഠനങ്ങളിലൂടെ ജനകീയവൽക്കരിക്കാനും ഈ വർഷവും നാം ശ്രമിക്കുന്നുണ്ട്.

നിലവിലുള്ള ഭരണസമിതിയുടെ അവസാനധനകാര്യ വർഷത്തിലെത്തി ചേർന്നിരിക്കുന്ന നാം ചാരിതാർത്ഥ്യത്തോടും എന്നാൽ ആത്മവിമർശനത്തോടെയും തിരിഞ്ഞുനോക്കേണ്ടതാണ്. ഉത്പാദന മേഖലയുടെ സ്ഥായിയായ വളർച്ച പരിസ്ഥിതി പ്രകൃതി വിഭവ സംരക്ഷണം, മാലിന്യപരിപാലനം, ആരോഗ്യ വിദ്യാഭ്യാസ തൊഴിൽ മേഖലകളിലെ പുരോഗതി, അടിസ്ഥാന സൗകര്യവികസനം, പ്രത്യേക പരിഗണന അർഹിക്കുന്ന സ്ത്രീകൾ, കുട്ടികൾ, വൃദ്ധൻമാർ, ഭിന്നശേഷിയുള്ളവർ, പട്ടികജാതി-പട്ടികവർഗ്ഗക്കാർ തുടങ്ങിയവർക്ക് സാമ്പത്തിക ഉന്നമനത്തിനും സാമൂഹ്യനീതിക്കും വേണ്ടിയുള്ള നിരവധി വികസനപ്രവർത്തനങ്ങളാണ് കഴിഞ്ഞ പദ്ധതികളിലൂടെ നടപ്പിലാക്കുന്നതിന് ശ്രമിച്ചത്. ഏറ്റെടുത്ത പ്രവൃത്തികൾ പൂർണ്ണമായും നടപ്പിലാക്കുവാൻ വാർഷിക പദ്ധതിയിൽ പ്രധാനമായും ശ്രദ്ധിക്കുന്നതോടൊപ്പം സമഗ്രമേഖലകളുടെയും സർവ്വതോന്മുഖമായ വളർച്ചക്കായി നൂതനവും പ്രയോഗികവുമായ പദ്ധതികൾ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

പട്ടികജാതി സങ്കേതങ്ങളിൽ സംസ്കാരിക നിലയങ്ങൾ സ്ഥാപിച്ചുകൊണ്ടും തൊഴിലും വിദ്യാഭ്യാസ സൗകര്യവും മെച്ചപ്പെടുത്തികൊണ്ടും നിരവധി പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ ഈ ബ്ലോക്ക് പഞ്ചായത്തിന് കഴിഞ്ഞിട്ടുള്ളതാണ്. തളിക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള 5 ഗ്രാമപഞ്ചായത്തുകൾക്കും അർഹമായ വികസന വിഹിതം നൽകി നിരവധി വികസന പ്രവർത്തനങ്ങളിൽ പങ്കാളിയാകുവാൻ ബ്ലോക്ക് പഞ്ചായത്തിന് കഴിഞ്ഞിട്ടുള്ളതാണ്. അറബിക്കടലിനും കാനോലിക്കനാലിനും ഇടയിൽ സ്ഥിതി ചെയ്യുന്ന 5 ഗ്രാമപഞ്ചായത്തുകളിൽ അതിരൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിലേയ്ക്കായി വാട്ടർ കിയോസ്ക്കുകളും വട്ടർ എ.ടി.എം. കളും സ്ഥാപിച്ച് ബ്ലോക്ക് പഞ്ചായത്ത് ആവശ്യമായ ഇടപെടലുകൾ നടത്തിയിട്ടുള്ളതാണ്. പുതിയ അന്വേഷണങ്ങളിലൂടെ അതിന്റെ തുടർച്ചയാണ് നാം ഇത്തവണയും ആഗ്രഹിക്കുന്നത്. അത് അനുസരിച്ചുള്ള പ്രവർത്തന പദ്ധതികളാണ് ഇപ്പോൾ ആസൂത്രണം ചെയ്യുന്നത്. അതിനാവശ്യമായിട്ടുള്ള വിഹിതം ഓരോ പദ്ധതികളിലും രേഖപെടുത്തിയിട്ടുണ്ട്. നീതിബോധവും ജനപക്ഷ നിലപാടും ആർജ്ജിക്കേണ്ടത് ഈ കാലഘട്ടത്തിന്റെ അനിവാര്യതയാണ്. അത് അനുസരിച്ചുള്ള ജനകീയമായ ജനപക്ഷ പദ്ധതികളും പ്രവർത്തങ്ങളുമായി നമുക്ക് മുന്നോട്ട് പോകാം.

ശ്രീ. കെ.സി. പ്രസാദ്
പ്രസിഡന്റ്

2021-22 മുതൽ 2024-25 വരെ വിവിധ പ്രധാന മേഖലകളിലെ ചെലവുകൾ		
ക്രമ നമ്പർ	മേഖല	തുക
1	ലൈഫ് മിഷൻ	6,00,00,000
2	ആരോഗ്യ മേഖലയിൽ-CHC വാടാനപ്പിള്ളി, വലപ്പാട്	2,98,50,000
	കാർഷിക മേഖല	84,00,000
4	വനിതാ ശിശു വികസനം	1,56,50,000
5	ചെറുകിട വ്യവസായ തൊഴിൽ സംരംഭങ്ങൾ	65,00,000
6	പട്ടികജാതി വിഭാഗം വികസനം	4,81,28,800
7	പശ്ചാത്തലസൗകര്യങ്ങൾ	4,60,67,045
8	മൃഗസംരക്ഷണ മേഖല	82,25,000
9	കുടിവെള്ള0	73,40,000
10	മാലിന്യ സംസ്കരണം	47,19,985

ബജറ്റ് അവതരണം

തളിക്കുളം ബ്ലോക്കിലെ ഭവനരഹിതരായ എല്ലാവർക്കും ഭവനം നൽകുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമായി ഈ ബജറ്റിൽ നമ്മൾ ഏറ്റവും പ്രാധാന്യം നൽകിയിട്ടുള്ളത് പാർപ്പിട പദ്ധതിക്കാണ്. അടുത്ത വർഷം അഞ്ച് പഞ്ചായത്തുകളെ ഏകോപിപ്പിച്ച്കൊണ്ടുള്ള പ്രസ്തുത ഭവന നിർമ്മാണ പദ്ധതിക്ക് 1,47,00,000/- (ഒരു കോടി നാൽപ്പത്തി ഏഴ് ലക്ഷം രൂപ) ഈ ബജറ്റ് വകയിരുത്തുന്നു. തൊഴിൽ ഇല്ലാത്തവർക്ക് തൊഴിൽ നൽകുന്നതിന് ത്രിതല പഞ്ചായത്തുകൾക്ക് ഉള്ള ഉത്തരവാദിത്വം തിരിച്ചറിഞ്ഞ്, നമ്മുടെ നാട്ടിലെ ഏറ്റവും വലിയ വികസന വെല്ലുവിളിയായ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ 'എന്റെ തൊഴിൽ എന്റെ അഭിമാനം' എന്ന നയപരിപാടിയോട് ചേർന്ന്നിന്ന് ചുരുങ്ങിയത് 500 പേർക്കെങ്കിലും തൊഴിൽ നൽകുക എന്ന ലക്ഷ്യത്തോടെ അഞ്ചുകോടി രൂപ വകയിരുത്തി ഐ. ടി പാർക്കിന് രൂപം നൽകിയിട്ടുണ്ട്. അഭ്യസ്ഥവിദ്യരായ നമ്മുടെ നാട്ടിലെ യുവതീയുവാക്കളുടെ തൊഴിൽ സുരക്ഷ ഉറപ്പാക്കുക എന്ന ലക്ഷ്യം വച്ചിട്ടാണ് പ്രസ്തുത പദ്ധതി വിഭാവനം ചെയ്യുന്നത്. ടൂറിസം മേഖലക്ക് വിപുലമായ സാധ്യതകളുള്ള ഒരു ബ്ലോക്ക് പഞ്ചായത്താണ് നമ്മുടേത്. വ്യത്യസ്തങ്ങളായ ഭൂപ്രദേശങ്ങളുടേയും ഹരിത ഭംഗിയുടെയും തീര സൗന്ദര്യത്തിന്റെയും, വൈവിധ്യമാർന്ന ചരിത്ര സാംസ്കാരിക സവിശേഷതകളുടെയും ആവാസഭൂമിയാണ് തളിക്കുളം. വിദേശികളും സ്വദേശികളുമായ വിനോദസ ഞ്ചാരികളെ ആകർഷിച്ച് പ്രാദേശിക സമ്പദ്ഘടന മെച്ചപ്പെടുത്തുന്നതിനായി ചേറ്റുവ പുഴയോരം സൗന്ദര്യവത്കരണവും മിനിപാർക്ക് നിർമ്മാണവും എന്ന പദ്ധതിയ്ക്ക് ബജറ്റിൽ 10,00,000/- (പത്ത് ലക്ഷം) രൂപ വകയിരുത്തുന്നു.

പട്ടികജാതി വിഭാഗക്കാർക്ക് സാംസ്കാരിക നിലയങ്ങൾ പണിതു കൊണ്ടും വിവിധ തൊഴിൽ, വിദ്യാഭ്യാസ ഉന്നമനത്തിനുമായി നിരവധി പ്രവർത്തനങ്ങൾ മുൻ വർഷങ്ങളിൽ ഈ ബ്ലോക്ക് പഞ്ചായത്ത് വിജയകര മായി നടപ്പിലാക്കി വന്നിട്ടുള്ളതാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ പഠനസാഹചര്യം മെച്ചപ്പെട്ടുത്തുന്നതിന്റെ ഭാഗമായി പഠനമുറി പദ്ധതിക്കായി അൻപത്തിരണ്ട് ലക്ഷം രൂപ ബജറ്റിൽ വകയിരുത്തുന്നു. വ്യവസായ സംരഭങ്ങൾക്ക് അഞ്ച് ലക്ഷം രൂപയും, കുടിവെള്ളത്തിന് 20,00,000/- (ഇരുപത് ലക്ഷം) രൂപയും, ഭവന നിർമ്മാണ പദ്ധതിയ്ക്കായി 55,00,000/- (അൻപത്തി അഞ്ച് ലക്ഷം) രൂപയും വകയിരുത്തുന്നു. പൊതുജന ങ്ങൾക്ക് ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിന്റെ ഭാഗമായി ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള പ്രദേശങ്ങളിൽ വാട്ടർ കിയോസ്ക്കുകളും, വാട്ടർ എ.ടി.എം.കളും സ്ഥാപിച്ചിട്ടുള്ളതാണ്. പുതിയ വാട്ടർ കിയോസ്ക്കൾക്ക് 20,00,000/- (ഇരുപത് ലക്ഷം) രൂപയും, വാടാനപ്പിള്ളി മിനി കുടിവെള്ള പദ്ധതിയ്ക്ക് 13.5 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. നമ്മുടെ നാട്ടിലെ ജനങ്ങൾ ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന വലപ്പാട്, വാടാനപ്പിള്ളി സി.എച്ച്.സി കളിൽ വരുന്ന രോഗികൾക്ക് ആവശ്യമായ മരുന്ന് വാങ്ങുന്നതിനും ആശുപത്രിയുടെ അനുബന്ധ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന തിനും ആവശ്യമായ പദ്ധതികൾക്കും, ഡോക്ടർമാർക്കും, പാരാമെഡിക്കൽ സ്റ്റാഫിനും വേതനം നൽകുന്നതിലേയ്ക്കായി 1,74,87,000/- (ഒരുകോടി എഴു പത്തിനാല് ലക്ഷത്തി എൺപത്തി ഏഴായിരം) രൂപ വകയിരുത്തിയിരിക്കുന്നു. പുഷ്പകൃഷി, കരനെൽ കൃഷി എന്നിവ നടപ്പിലാക്കുന്നതിനും തെങ്ങ് കൃഷി പ്രോത്സാഹിപ്പിക്കുന്നത്തിനും വനിതാ ഗ്രൂപ്പുകൾക്ക്പച്ചക്കറി കൃഷി ആരംഭിക്കുന്നതിനുമായി 2400000(ഇരുപത്തിനാല് ലക്ഷം രൂപ) ബഡ്ജറ്റിൽ വകയിരുത്തുന്നു. അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി നാട്ടിക അംബേദ്കർ നഗർ സാംസ്കാരിക നിലയം, വി.ഇ.ഒ കർട്ടേഴ്സ് നവീ കരണം, കാന, കൾവർട്ട് നിർമ്മാണം, വലപ്പാട് വാടാനപ്പിള്ളി സി.എച്ച്.സി കളുടെ നവീകരണം, എന്നീ പ്രവർത്തനങ്ങൾക്ക് 1,45,00,000/-(ഒരു കോടി നാൽപ്പത്തിയഞ്ച് ലക്ഷം) രൂപ പശ്ചാത്തല വികസനത്തിനായി വകയിരുത്തിയിട്ടുണ്ട്. ക്ഷീരമേഖലയെ കരുത്താർജ്ജിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി, കാലിത്തീറ്റ സബ്സിഡി തുടങ്ങിയ ഇനത്തിലുമായി 2500000/- (ഇരുപത്തിയഞ്ച് ലക്ഷം രൂപ) ഈ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായി വനിതാ ഗ്രൂപ്പുകളുടെ സ്വയം തൊഴിൽ സംരംഭങ്ങൾക്ക് വായ്പ്പ സബ്സിഡി ഇനത്തില് 2425000(ഇരുപ ത്തിനാല് ലക്ഷത്തി ഇരുപത്തിയ്യായിരം രൂപ) വകയിരുത്തുന്നു. സമൂഹത്തിന്റെ കരുതലും സംരക്ഷണവും അർഹിക്കുന്ന ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് റീഹാബിലിറ്റേഷൻ സെന്റർ എന്നത് ബ്ലോക്ക് പഞ്ചായ ത്തിന്റെ സ്വപ്നമാണ്. സൗജന്യമായി ലഭിച്ച 10 സെന്റ് സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് ജില്ലാ പഞ്ചായത്തിന്റെ 30 ലക്ഷം രൂപയടക്കം 48 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതാണ്. കൂടാതെ ഭിന്നശേഷി വിദ്യാർത്ഥികളുടെ കലാ- കായിക അഭിരുചികൾ പ്രോത്സാഹിപ്പിക്കുന്നതിന് ഭിന്നശേഷി കലോത്സവത്തിന് 1.5 ലക്ഷം രൂപയും വകയിരുത്തുന്നു. അംഗൻവാടികൾ ശിശു സൗഹൃദ അംഗനവാടികളാക്കുന്നതിനായി ചായം പദ്ധതിയിലേക്കും ശിശുക്കൾക്ക് ഗുണമേന്മയേറിയ പോഷകാഹാരം ഉറപ്പാക്കുന്നതിലേക്കുമായി 32 ലക്ഷം രൂപ വകയിരുത്തുന്നു. നമ്മുടെ നാട്ടിൽ ഏറ്റവും നല്ല രീതിയിൽ പ്രവർത്തിക്കുന്ന ലൈബ്രറികളെ പ്രോത്സാഹിപ്പിക്കേണ്ടത് പ്രാദേശിക ഭരണകൂടത്തിന്റെ കടമയാണ്. ഇത് ഉൾക്കൊണ്ട് തളിക്കുളം ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 24 ലൈബ്രറികൾക്ക് ആവശ്യമായ സാധന സാമഗ്രികൾ വാങ്ങി നൽകുന്നതിനും ദിനപത്രം നൽകുന്നതിനുമായി 6 ലക്ഷം രൂപ വകയിരുത്തുന്നു. നമ്മുടെ സംസ്ഥാനത്തെ സമ്പൂർണ്ണ മാലിന്യമുക്ത സംസ്ഥാനമായി മാറ്റുന്നതിനുള്ള ഊർജിത പ്രവർത്തനങ്ങളുമായി സർക്കാർ മുന്നോട്ടുപോയികൊണ്ടിരിക്കുകയാണ്. ആയതിന് കരുത്ത് പകരുന്നതിന്

ബ്ലോക്ക് ഓഫീസിലും, വലപ്പാട് വാടാനപ്പിള്ളി സി.എച്ച്.സി കളിലും തുമ്പൂർമൂഴി മോഡൽ കമ്പോസ്റ്റ് യൂണിറ്റിന് 3 ലക്ഷം ഉൾപ്പെടെ ആകെ 35 ലക്ഷം രൂപ വകയിരുത്തുന്നു.

ബ്ലോക്ക് പഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം ചുരുങ്ങിയ വിഭവ സ്രോതസ്സുകൾക്കുള്ളിൽ നിന്നുകൊണ്ട് സർക്കാർ നിർദ്ദേശിക്കുന്ന മാതൃകാ പദ്ധതികൾക്ക് മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോടു ചേർന്ന് സംയുക്ത പദ്ധതികൾ ഏറ്റെടുത്തും തനതായ നിർവഹിക്കേണ്ട ഉത്തരവാദിത്തങ്ങൾ ക്കനുസൃതമായി പ്രോജക്ടുകൾ രൂപവത്കരിച്ചും വികസനവും നിലവിലുള്ള ആസ്തികളുടെ പരിപാലനവും ബജറ്റ് ലക്ഷ്യമിടുന്നു. അത്തരം ലക്ഷ്യപൂർത്തീകരണത്തിലൂടെ ജനങ്ങൾക്ക് വികസനവും ക്ഷേമവും സുരക്ഷിതത്വവും ഈ ബജറ്റിലൂടെ ഉറപ്പുനൽകുന്നു.

അഡ്വ: നിമിഷ അജീഷ്
വൈസ് പ്രസിഡന്റ്

തളിക്കുളം ബ്ലോക്ക് പഞ്ചായത്ത് കരട് ബജറ്റ് 2025-26

	പ്രാരംഭ ബാക്കി	BUDGET FOR THE YEAR 2025-26
ക്രമ നം.	ഇനം	പ്രാരംഭ ബാക്കി
1	തനത് ഫണ്ട്	153964
2	ജനറൽ പർപ്പസ് ഗ്രാൻറ്	1206328
3	പി.എം.എ.വൈ. ജില്ലാ പഞ്ചായത്ത് വിഹിതം-ഗ്രാമ പഞ്ചായത്ത്	517437
4	സംപൂർണ്ണ ശുചിത്വ ഫണ്ട്	142421
5	പി.എം.എ.വൈ. ബ്ലോക്ക് വിഹിതം	4594097
	ആകെ	6614247

വരവുകൾ

ഹെഡ് കോഡ്		
1301001	കെട്ടിട വാടക	125000
1501101	ടെണ്ടർ ഫോറ വില	55000
1711001	വാട്ടർ എ.ടി.എം വരവ്	35000
1711001	ബാങ്ക് നിക്ഷേപങ്ങളിൽ നിന്നും പലിശ	200000
1501201	ലേലം	100000
1601005	ജനറൽ പർപ്പസ് ഗ്രാന്റ്	8867000
	മറ്റ് വരവുകൾ(എം.പി.എൽ.എ.ഡി/എം.എൽ.എ.എസ്.ഡി.എഫ്/എൻ.സി.എ ഫ്.ആർ.ഡബ്ല്യു	55000000

കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ഗ്രാന്റുകളും ഫണ്ടുകളും

3201001	പി.എം.എ.വൈ	6000000
	എം.ജി.എൻ.ആർ.ഇ.ജി.എസ്.	270000000

വികസന ഫണ്ട്

3202001	ജനറൽ	32815000
3202001	എസ്.സി.പി.	15182000
3202001	ടൈഡ് ഗ്രാന്റ്	6998000
3202001	ബേസിക് ഗ്രാന്റ്	4665000
3202002	പി.എം.എ.വൈ. ജില്ലാ പഞ്ചായത്ത് വിഹിതം	4900000
3202002	മെയ്ന്റനൻസ് ഗ്രാന്റ് (റോഡിതരം)	19087000
	വരവ് ആകെ	424029000
	പ്രാരംഭ ബാക്കി	6614247
	ആകെ വരവ്	**430643247**

ചെലവുകൾ

റവന്യൂ ചെലവുകൾ

പൊതു കോഡ്	ഇനം	തുക
	എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ	
2102001	ശംബളം, കൂലി	2000000
2102002	ബോണസ്/ഉത്സവബത്ത	20000
	ഔദ്യോഗിക വാഹന ഡ്രൈവർമാരുടെ യാത്രാബത്ത	50000
2102003	ജനപ്രതിനിധികളുടെ ഓണറേറിയം	1700000
2102004	ജനപ്രതിനിധികളുടെ സിറ്റിങ്ങ് ഫീസ്	150000
2102005	ജനപ്രതിനിധികളുടെ യാത്രാ ബത്ത	100000
	എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ ആകെ	**4020000**

ഭരണ ചെലവുകൾ

2201101	ഓഫീസ് ചെലവുകൾ	700000
2201201	ഓഫീസ് ടെലഫോൺ ചെലവുകൾ	70000
2202001	അച്ചടിയും സ്റ്റേഷനറിയും	250000
2204014	വാഹന ഇൻഷ്വറൻസ്	40000
2208001	അസാധാരണ ചെലവുകൾ	400000
	പദ്ധതിയുമായി ബന്ധപ്പെട്ട തനത് ഫണ്ട് ചെലവുകൾ	942480
	ഭരണ ചെലവുകൾ ആകെ	**2402480**

സംരക്ഷണവും നടത്തിപ്പും ചെലവുകൾ

2201101	വൈദ്യുതി ചെലവുകൾ	150000
2301002	ഡീസൽ, പെട്രോൾ, ഓയിൽ, ലൂബ്രിക്കന്റ്	550000
2201001	വാഹന വാടക	275000
2305009	മറ്റ് ആസ്തികളുടെ അറ്റകുറ്റപ്പണികൾക്ക്/മെയ്ന്റനൻസുകൾ	600000
	സംരക്ഷണവും നടത്തിപ്പും ചെലവുകൾ ആകെ	**1575000**

പലിശയും അനുബന്ധ ചെലവുകളും

2407001	ബാങ്ക് ചാർജ്ജ് തരികൾ	2000
2408001	ധനകാര്യ ഇടപാടുകൾക്കുള്ള മറ്റ് ചെലവുകൾ	3000
	പലിശയും അനുബന്ധ ചെലവുകളും ആകെ	**5000**

പി.എം.എ.വൈ/സംയുക്ത പ്രൊജക്റ്റ്

2603001	പി.എം.എ.വൈ. ജില്ലാ പഞ്ചായത്ത് വിഹിതം - ഗ്രാം പഞ്ചായത്ത്	4900000
2603002	പി.എം.എ.വൈ കേന്ദ്ര വിഹിതം	6000000
	പി.എം.എ.വൈ/സംയുക്ത പ്രൊജക്റ്റ് ചെലവുകൾ ആകെ	**10900000**

മറ്റ് ചെലവുകൾ

	മറ്റ് ചെലവുകൾ(എം.പി.എൽ.എ.ഡി/എം.എൽ.എ.എസ്.ഡി.എഫ്/എൻ.സി.എഫ്.ആർ.ഡബ്ല്യൂ	55000000
	എം.ജി.എൻ.ആർ.ഇ.ജി.എസ്.	270000000
2601004	സി.എച്ച്.സി ടൈഡ് ഗ്രാന്റ് (സാനിറ്റേഷൻ)	3499000
2601010	സി.എച്ച്.സി ബേസിക്ഗ്രാന്റ്	4665000
	മറ്റ് ചെലവുകൾ ആകെ	**333164000**

വികേന്ദ്രികാസൂത്രണ ചെലവുകൾ മേഖല അടിസ്ഥാനത്തിൽ

	ഉൽപ്പാദന മേഖല ചെലവ്	8425000
	സേവനമേഖല ചെലവ്	35700000
	പശ്ചാത്തല മേഖല ചെലവ്	3872000
	ആകെ	**47997000**

മേഖല വിഭജനത്തിൽപ്പെടാത്തത്

2601004	സി.എച്ച്.സി ടൈഡ് ഗ്രാന്റ് കുടിവെള്ളം അനുബന്ധ പ്രൊജക്റ്റുകൾ	3499000
	മേഖല വിഭജനത്തിൽപ്പെടാത്തത് ആകെ	**3499000**

മെയ്ന്റനൻസ് പ്രവർത്തികൾ

	മെയ്ന്റനൻസ് പ്രവർത്തികൾ	19087000
	മെയ്ന്റനൻസ് പ്രവർത്തികളുടെ ചെലവുകൾ ആകെ	**19087000**

ആകെ വരവുകൾ	**430643247**
ആകെ ചെലവുകൾ	**422649480**
നീക്കിയിരുപ്പ്	**7993767**